## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 323

25.04.2017 -- ൽ മറുപടിക്ക്

## പുതിയ റേഷൻ കാർഡുകളുടെ വിതരണം

**ചോദ്യം**

ശ്രീ.കെ. കൃഷ്ണൻകുട്ടി :

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകളുടെ അച്ചടി പൂർത്തീകരിച്ച് എന്നത്തേയ്ക്ക് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്;

(ബി) റേഷൻ സംവിധാനം സുതാര്യമാക്കുന്നതിന്, റേഷൻ കാർഡിലും വിതരണ സംവിധാനത്തിലും എന്തൊക്കെ വ്യത്യാസങ്ങളാണ് വരുത്തിയിട്ടുള്ളത്;

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)

(എ) റേഷൻ കാർഡിന്റെ അച്ചടി ധ്രുതഗതിയിൽ നടന്നു വരികയാണ്. മെയ് മാസത്തോടു കൂടി വിതരണം പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി)

1) എഫ്.സി.ഐ.യിൽ നിന്നും സർക്കാർ നേരിട്ട് റേഷൻ സാധനങ്ങൾ വിട്ടെടുത്ത് വാതിൽപ്പടി വിതരണം നടത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടു വരുന്നു.
2) ഇ-പോസ് മെഷീനുകൾ ഉപയോഗിച്ചും ആധാർ ലിങ്ക് ചെയ്തു കൊണ്ടുള്ള ബയോമെട്രിക് സംവിധാനം ഉപയോഗിച്ചു കൊണ്ടും റേഷൻ സാധനങ്ങളുടെ വിതരണം കൂടുതൽ സുതാര്യമാക്കുന്നതാണ്. നാല് തരത്തിലുള്ള റേഷൻ കാർഡുകളാണ് നിലവിൽ വരുന്നത്. എ.എ.വൈ. കാർഡിന് മഞ്ഞ നിറവും മുൻഗണനാ കാർഡുകൾക്ക് പിങ്ക് നിറവും മുൻഗണനേതര സബ്സിഡി കാർഡുകൾക്ക് നീല നിറവും മുൻഗണനേതര കാർഡുകൾക്ക് വെള്ള നിറത്തിലുമാണ് ഉള്ളത്. എ.എ.വൈ. കാർഡുകൾക്ക് 35 കിലോ (28 കിലോ അരി 7 കിലോ ഗോതമ്പ്) റേഷൻ സാധനങ്ങളും, മുൻഗണനാ വിഭാഗത്തിന്

ആളൊന്നിന് 5 കിലോ (4 കിലോ അരി + 1 കിലോ ഗോതമ്പ്) ഭക്ഷ്യ ധാന്യവും സൗജന്യമായും, മുൻഗണനേതര സബ്സിഡി കാർഡുകൾക്ക് ആളൊന്നിന് 2 രൂപ നിരക്കിൽ 2 കിലോ ഭക്ഷ്യ ധാന്യവും, മുൻഗണനേതര വിഭാഗത്തിന് ഏപ്രിൽ മാസം 8 കിലോ ഭക്ഷ്യ ധാന്യവുമാണ് (അരി 8.90 രൂപ നിരക്കിലും ഗോതമ്പ് 6.70 രൂപ നിരക്കിലും) വിതരണം നടത്തുന്നത്.

(സി) റേഷൻ കാർഡുകൾ സ്മാർട്ട് കാർഡുകളാക്കാനും ആധാറുമായും ബാങ്ക് അക്കൗണ്ടുകളുമായും ബന്ധപ്പെടുത്താനും എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ?

(സി) റേഷൻ കാർഡുകൾ സ്മാർട്ട് കാർഡുകളാക്കാൻ ഉള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടില്ല. ഇ-പോസ് മെഷീനുകൾ ഉപയോഗിച്ച് ആധാർ ലിങ്കിംഗും കാർഡുടമകളുടെ ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെടുത്തുന്ന നടപടികളും നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ